LIBRARY ARCHIVES Kerala Legislative Assembly

5. ദുരൂഹ സാഹചര്യത്തിൽ കണ്ടെത്തിയ ഇറാനിയൻ പത്തേമാരി

ശ്രീ. അൻവർ സാദത്ത് : സർ, ഇന്ത്യൻ സമുദ്രാതിർത്തിക്കുള്ളിൽ ആലപ്പുഴയിൽ നിന്നും 100 കിലോമീറ്റർ പുറംകടലിൽവച്ച് ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിൽ സംശയകരമായ സാഹചര്യത്തിൽ ഇറാനിയൻ പത്തേമാരി പിടിച്ചെടുക്കുകയും അതിനുള്ളിൽനിന്നും 12 പേരെ അറസ്റ്റ് ചെയ്യുകയുംചെയ്തു. ഇറാനിലുള്ളവരും അതുപോലെ പാകിസ്ഥാൻ തിരിച്ചറിയൽ രേഖകളുള്ള ഇറാൻ അതിർത്തിയിൽപ്പെട്ട പാക് പ്രവിശ്യയായ ബലൂചിസ്ഥാനിലുള്ള രണ്ടുപേരും ഇവരിൽ ഉൾപ്പെടുന്നു. കടൽവഴിയുള്ള തീവ്രവാദ ശ്രമം ശക്തിപ്പെട്ടുവരുന്നതായുള്ള സൂചനകൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പലപ്പോഴും വെളിപ്പെടുത്തുന്ന പശ്ചാത്തലത്തിൽ ഈ കപ്പലിനെക്കുറിച്ചും അതിനുള്ളിലെ പിടിക്കപ്പെട്ടവരെ കുറിച്ചും ജനങ്ങൾക്ക് വളരെയധികം സംശയവും ഭീതിയുമുണ്ടായിരിക്കുകയാണ്. ഈ വിഷയം സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുവാൻ ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, എല്ലാ മാധ്യമങ്ങളിലൂടെയും അതോടൊപ്പംതന്നെ പൊതു സമൂഹത്തിന്റെയും ശ്രദ്ധയിൽ വളരെയേറെ വന്നിട്ടുള്ള ഒരു വിഷയമാണ് ഇറാനിയൻ പത്തേമാരി പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട വിഷയം. ശ്രീ. അൻവർ സാദത്ത് ഇവിടെ സൂചിപ്പിച്ചതുപോലെ കടൽ കടന്നുള്ള തീവ്രവാദം ശക്തമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. 26-6-2015 മുതൽ കേരള തീരത്ത് സംശയാസ്പദമായ നിലയിൽ ചില വാർത്താവിനിമയ സംവിധാനത്തിന്റെ പ്രവർത്തനം നടക്കുന്നതായി Multi-Access Centre (M.A.C), Research and Analysis Wing (RAW) എന്നിവയുടെ ആവർത്തിച്ചുള്ള മുന്നറിയിപ്പുകൾ കേരള ഇന്റലിജൻസിന് ലഭിക്കുകയുണ്ടായി. സംസ്ഥാന ഇന്റലിജൻസ് മേധാവിക്കുലഭിച്ച പ്രസ്തുത മുന്നറിയിപ്പുകൾ അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, തീരസംരക്ഷണം കോസ്റ്റൽ സർവ്വീസിന് കൈമാറുകയും സംശയകരമായി പ്രവർത്തനം നടക്കുന്ന രേഖാംശം, അക്ഷാംശം എന്നിവ സ്ഥിരീകരിക്കുന്നതിനായി ജാഗ്രത പുലർത്തുന്നതിന് നിർദ്ദേശിക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തീര സംരക്ഷണ സേന നടത്തിയ നിരീക്ഷണത്തിൽ 09 DEG 620 N, 075 DEG 25.30 E, 246 Alleppy LT 58.5 NM എന്ന സ്ഥാനത്ത് 12 പേരടങ്ങുന്ന "എഫ്.ഇ. ബറ്റക്ക" എന്ന പേരിൽ ഒരു മത്സ്യബന്ധന ബോട്ട് കണ്ടെത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. ബോട്ടിലുണ്ടായിരുന്ന ഏഴു പേർ ഇറാൻ പൗരത്വമുള്ളവരും അഞ്ചുപേർ ബലൂചിസ്ഥാൻകാരുമാണെന്ന് പ്രാഥമിക ചോദ്യം ചെയ്യലിൽ വ്യക്തമാക്കപ്പെടുകയുണ്ടായി. പ്രസ്തുത ബോട്ട് പിടിച്ചെടുക്കുകയും വിഴിഞ്ഞം ഇറമുഖത്ത് അടുപ്പിക്കുകയും ചെയ്തു. പിടിച്ചെടുത്ത ബോട്ടും അനുബന്ധ ഉപകരണങ്ങളും പ്രതികളെയും ഉൾപ്പെടെ വിഴിഞ്ഞം പോലീസിന് തുടർ നടപടിക്കായി കൈമാറുകയും ക്രൈംനമ്പർ 947/2015 U/s 3N7 of Maritime Zones of India (Regulation of Fishing by Foreign Vessels) Act, 1981 and Section 3(g) - Suppression of Unlawful Acts against Safety of Maritime Navigation and Fixed Platform on Continental Shelf Act, 2002 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. പ്രതികളെ വൈദ്യപരിശോധനയ്ക്കുശേഷം ബഹുമാനപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് താൽക്കാലിക കോടതി, നെയ്യാറ്റിൻകര മുമ്പാകെ ഹാജരാക്കുകയുണ്ടായി. മത്സ്യബന്ധന ബോട്ട് എന്ന് സ്ഥിരീകരിക്കാൻ വേണ്ട സാഹചര്യമില്ല. കാരണം ഈ മത്സ്യബന്ധന ബോട്ടിൽ മത്സ്യവലയോ, പങ്കായങ്ങളോ, മത്സ്യബന്ധനത്തിനാവശ്യമായ ഏതെങ്കിലും ഉപകരണങ്ങളോ ഇല്ലായെന്നുള്ളത് നമ്മൾ നടത്തിയ പരിശോധനയിൽ വ്യക്തമായിട്ടുള്ള കാര്യമാണ്. അതേസമയം സാറ്റലൈറ്റ് ഫോൺ, ടാബ്ലെറ്റ് കമ്പ്യൂട്ടർ തുടങ്ങിയ അത്യാധുനിക ഉപകരണങ്ങൾ ഈ ബോട്ടിൽ നിന്നും കണ്ടെത്തുകയുണ്ടായി. അതുപോലെ പാകിസ്ഥാൻ വിലാസമുള്ള ഒരു ഐഡന്റിറ്റി കാർഡും ഇതിൽനിന്നും ലഭിക്കുകയുണ്ടായി. പ്രസ്തുത കേസുമായി ബന്ധപ്പെട്ട വിശദമായ ചോദ്യം ചെയ്യൽ നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഇന്റലിജൻസ് ഏജൻസിയും കേരള ഇന്റലിജൻസും സംയുക്തമായിത്തന്നെ ഇക്കാര്യം സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഡി.ജിപി.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കേസ് എൻ.ഐ.എ.-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ് ആഭ്യന്തരവകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ടുന്നത്. സംസ്ഥാന ആഭ്യന്തര വകുപ്പുസെക്രട്ടറി കേന്ദ്ര ആഭ്യന്തര വകുപ്പുസെക്രട്ടറിക്ക് ഇതുസംബന്ധിച്ചൊരു കത്ത് നൽകിയിട്ടുണ്ട്. അന്തർദ്ദേശീയമായ ramifications ഉള്ള ഒരു കേസായതുകൊണ്ടും നമുക്ക് പരിമിതികളുള്ളതുകൊണ്ടും ഒരു നാഷണൽ ഏജൻസിയായ എൻ.ഐ.എ. തന്നെ അന്വേഷിക്കുന്നതാണ് അഭികാമ്യമെന്ന് കണ്ടെത്തിയതുകൊണ്ടാണ് സംസ്ഥാന ആഭ്യന്തര വകുപ്പുസെക്രട്ടറി ഇതു സംബന്ധിച്ചൊരു കത്ത് കേന്ദ്ര ആഭ്യന്തര വകുപ്പുസെക്രട്ടറിക്ക് അയച്ചിട്ടുള്ളത്. അതിന്മേൽ തീരുമാനമൊന്നും ആയിട്ടില്ല. ഏതായാലും ചോദ്യംചെയ്യലും മറ്റ് നിയമ നടപടികളുമായി മുന്നോട്ടുപോകുകയാണ്. നമ്മുടെ തീരദേശത്തെ സുരക്ഷ ഉറപ്പുവരുത്താനാവശ്യമായ എല്ലാ നടപടികളും

LIBRARY ARCHIVES Kerala Legislative Assembly

കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. കൂടുതൽ കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചും കോസ്റ്റ് ഗാർഡുകളെ നിയോഗിച്ചും തീരസംരക്ഷണം അതിർത്തി സംരക്ഷണം പോലെതന്നെ പ്രധാനപ്പെട്ട ഒരു ചുമതലയായി ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. ഇതിന് കേന്ദ്ര സഹായവും ലഭ്യമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ പോലീസ് സ്റ്റേഷനുകളും കോസ്റ്റൽ ഗാർഡുകളും ഇപ്പോൾ സജ്ജമാക്കിയിട്ടുള്ളത്. അതുകൊണ്ടാണ് നമുക്ക് ഇത് കണ്ടെത്താൻ കഴിഞ്ഞത്. ഏതായാലും ശ്രീ. അൻവർ സാദത്ത് ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ തീരപ്രദേശങ്ങളുടെ സുരക്ഷ ഉറപ്പുവരുത്താനാവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടുവരികയാണ്.

6. 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : സർ, കേരളത്തിലെ വൈദ്യുതി ഉല്പാദന മേഖലയിൽ ഇടുക്കി കഴിഞ്ഞാൽ രണ്ടാം സ്ഥാനം കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലവൈദ്യുത പദ്ധതിക്കാണ്. ആ ജലവൈദ്യുത പദ്ധതി ഉൾപ്പെടെ നിലകൊള്ളുന്ന മണ്ഡലത്തിന്റെ തലസ്ഥാനമാണ് പേരാമ്പ്ര പട്ടണം. പേരാമ്പ്ര പട്ടണത്തിലേയ്ക്ക് ഇപ്പോൾ വൈദ്യുതി എത്തുന്നത് കണ്ണൂരിലുള്ള കൊയിലാണ്ടി സബ്സ്റ്റേഷൻ, ചക്കിട്ടപാറ സബ്സ്റ്റേഷൻ, കുറ്റ്യാടി സബ്സ്റ്റേഷൻ, മേപ്പയൂർ സബ്സ്റ്റേഷൻ എന്നിവയിലൂടെയാണ്. പേരാമ്പ്ര കോഴിക്കോട് ജില്ലയിലെ മൂന്നാമത്തെ പട്ടണമാണ്. അവിടെ വൈദ്യുതിയുടെ പ്രശ്നം വളരെ വലുതാണ്. അങ്ങനെയാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 33 കെ. വി. സബ്സ്റ്റേഷൻ അനുവദിക്കുകയും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്ന് 30 സെന്റ് സ്ഥലം സൗജന്യമായി ലഭിക്കുകയും ചെയ്തത്. ഇന്നലെ ഇതിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചിരുന്നു. അവിടെ ഇപ്പോൾ മേപ്പയൂരിൽ നിന്നുള്ള 11 കെ.വി. ലൈനിന്റെ പണി 95 ശതമാനവും പൂർത്തീകരിച്ചുകഴിഞ്ഞു. കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചാൽ ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെക്ഷൻ ഓഫീസും, സബ്സ്റ്റേഷന്റെ പ്രവർത്തനവും അവിടെ നടത്താൻ സാധിക്കും. 2012-ൽ പൂർത്തീകരിക്കുമെന്നാണ് അന്ന് പറഞ്ഞത്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞത്, 2015 ഡിസംബറിൽ പണി പൂർത്തീകരിക്കുമെന്നാണ്. 2015-ൽ പണി പൂർത്തീകരിക്കുമെന്നുള്ള കാര്യത്തിൽ ഉറപ്പുണ്ടാക്കണം. കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ടില്ല. ടെണ്ടർചെയ്ത് എക്സ്സ്റ്റായിട്ടുള്ളത് അംഗീകരിക്കേണ്ടതുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.